**ഫയൽ നം : G2/121/2024-TC** **തീയതി : 01-01-2025**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം :- 26/2024**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ആർ.ടി ഓഫീസുകൾ സ്മാർട്ട് ഓഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ - സംബന്ധിച്ച്

സൂചന :- 1)28.02.2024 തീയതിയിലെ 08/2024 നംപർ സർക്കുലർ
2)ആലപ്പുഴ ആർ.ടി.ഓ-യുടെ 11.12.2024 തീയതിയിലെ കുറിപ്പ്

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ വിവിധ സേവനങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ, പൊതുജനങ്ങളുടെ നിവേദനങ്ങൾ, പരാതികൾ എന്നിവ സേവനവകാശ നിയമത്തിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ തീർപ്പാ ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പൊതുജനങ്ങൾക്ക് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിന്റെ നിലവിലുള്ള സ്റ്റാറ്റസ് ഓഫീസിൽ എത്താതെ തന്നെ മനസ്സിലാക്കുന്നതിനും, പി.ആർ.ഓ.മാരുടെ ജോലി ഭാരം കുറക്കുന്നതിനും, 'ease of doing business' എന്ന സർക്കാർ നയവും 'paperless office' എന്ന ആശയവും കാര്യക്ഷമമായി നടപ്പാക്കി സ്മാർട്ട് ഓഫീസ് ആക്കി മാറ്റുന്നതിനും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ മേലുദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ പുലർത്തേണ്ട താണെന്നും അറിയിക്കുന്നു.

1)അക്ഷയകേന്ദ്രങ്ങൾ, ഇ-സേവാകേന്ദ്രങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തി ക്കൊണ്ട് ഓഫീസുകളിൽ നൽകേണ്ട അപേക്ഷ കളും, നിവേദനങ്ങളും ഇ-മെയിൽ ആയി അയക്കുന്നതിന് പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകുകയും അപ്രകാരം മറുപടി ഇ-മെയിൽ മുഖേന നൽകുമെന്നും അറിയിക്കേണ്ടതാണ്.

2)ഫോൺ മുഖേനയുള്ള അന്വേഷണങ്ങളും പരാതികളും സ്വീകരിക്കപ്പെടുന്ന സമയം രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെയായി പരിമിതപ്പെടുത്തണം.

3)എല്ലാ ഓഫീസിന്റെയും വെളിയിൽ സ്ഥാപിച്ചിട്ടുള്ള നോട്ടീസ് ബോർഡിൽ ചുവടെ പറയുന്ന കാര്യങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ് .

i) ഫോൺ മുഖേനയുള്ള അന്വേഷണങ്ങളും പരാതികളും

സ്വീകരിക്കപ്പെടുന്ന സമയം രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 വരെയായിരിക്കും.

ഫോൺ നമ്പർ : ...(PRO Landline number with Caller ID facility)----------

ii) പരാതികൾ അയക്കേണ്ട ഇ-മെയിൽ വിലാസം:----RTO/SRTO Email ID ------------------

Signed by
Chakilam Nagaraju
Date: 01-01-2025 11:06:06

**NAGARAJU CHAKILAM IPS**
**TRANSPORT COMMISSIONER**

സ്വീകർത്താവ് :-

1)എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2)എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

3)എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

4)എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

5)ട്രാൻസ്പോർട്ട് കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ,ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ്.റ്റി.എ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ(ടാക്സേക്ഷൻ), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലോ ഓഫീസർ എന്നിവരുടെ സി.എ-മാർക്കും, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർക്കും, അസിസ്റ്റന്റ് സെക്രട്ടറി, എസ്.റ്റി.എ-യ്ക്കും അക്കൌണ്ട്സ് ഓഫീസർക്കും, നോഡൽ ഓഫീസർ എസ്.എസ്.ജി..യ്ക്കും എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും

മോട്ടോർ വാഹന വകുപ്പ്, കേരളം